# വെളിപാട്പുസ്തകം ഒരു പഠനം - ഭാഗം 7



Pr. M.V. Simon B.Th, M.Div, M.A 'M.Th'

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".

*മൂന്നാം മുദ്ര* (ക്ഷാമം)

മൂന്നാം മുദ്ര പൊട്ടിക്കുമ്പോൾ ഒരു കറുത്തകുതിര പ്രത്യക്ഷപ്പെടുന്നു. കറുപ്പ് ദുഃഖത്തെ കാണിക്കുന്നു. യുദ്ധത്തിന്റെ അനന്തരഫലം ക്ഷാമമാണ്. മരണതുല്ല്യമായ അവസ്ഥ. കുതിരപ്പുറത്തിരിക്കുന്നവന്റെ കൈയ്യിൽ ഒരു തുലാസുണ്ട്. ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യത്തെയാണിത് കാണിക്കുന്നത്. ധാന്യം പൂർണമായി തീർന്നിട്ടില്ലെങ്കിലും അതിന്റെ കുറവുകൊണ്ട് അത് തൂക്കിക്കൊടുക്കേണ്ടിവരുന്നു. പലസ്തീനിലെ പ്രധാനവിളകളാണ് ധാന്യം,വീഞ്ഞ്, എണ്ണ( ആവർ.7:13). ഒരുപണം ഇതിന് ഗ്രീക്കിൽ *ഡെനാരിയോൺ* എന്ന് ഉപയോഗിച്ചിരിക്കുന്നു. ഒരു റോമൻ പട്ടാളക്കാരന്റെ ഒരുദിവസത്തെ ശമ്പളമാണിത്. സാധാരണയായി ഒരു പണത്തിന് 8 ഇടങ്ങഴി ഗോതമ്പ് കിട്ടണം(യെഹ.4:10). എന്നാൽ ഇവിടെ ഒരു പണത്തിന് ഒരു ഇടങ്ങഴി ഗോതമ്പ്, 3 ഇടങ്ങഴിയവം മാത്രം. ഇവിടെ ധാന്യത്തിന്റെ വില ദൈവമാണ് നിശ്ചയിക്കുന്നത്. അധികം പേരും ഇതു മൂലം പട്ടിണി കിടക്കും.

ലേവ്യാപുസ്തകം 26:23...26 വരെ പഠിച്ചാൽ അനുസരണക്കേടിന്റെഫലമാണ് ഭക്ഷ്യക്ഷാമം. എണ്ണ, വീഞ്ഞ് , യഹൂദനോടുള്ള ബന്ധത്തിൽ മൊത്തം നാശം അനുവദിക്കില്ല. മാത്രമല്ല ഇവ മരുന്നിന്റെ പരിമിതിയെയും വെളിപ്പെടുത്തുന്നു. ഇന്ന് സാമ്പത്തിക പ്രശ്നം വരുമ്പോൾ സാമ്പത്തിക ഭദ്രതയുള്ള രാജ്യത്തുപോയി നല്ല ജോലി ചെയ്യാം. എന്നാൽ ഈ പ്രശ്നം സകല രാജ്യങ്ങളെയും ബാധിക്കുന്നതാകയാൽ എവിടെപ്പോയാലും ഫലം ഒന്നുതന്നെ. ആകയാൽ റേഷൻ പദ്ധതി നടപ്പിൽ വരും. ക്യൂ കാരണം 666 മുദ്ര ഏറ്റവർക്കു മാത്രമേ വിൽക്കാനും വാങ്ങാനും സാധിക്കൂ(വെളി. 13:16). സ്കിൽഡ് ലേബറായാലും അൺ സ്കിൽഡ് ലേബറായാലും ഫലം ഒന്നുതന്നെ.

*നാലാം മുദ്ര* (മരണം)

നാലാം മുദ്ര പൊട്ടിക്കുമ്പോൾ ഒരു മഞ്ഞ കുതിര പ്രത്യക്ഷപ്പെടുന്നു(6:7,8). യുദ്ധം, ക്ഷാമം ഇവ ഹേതുവായി പകർച്ചവ്യാധിയും ഉണ്ടാകും. ആകയാൽ മരണനിരക്ക് കൂടും. മനുഷ്യമാംസത്തിന്റെ മണം പിടിച്ച് കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് വരും. പിന്നെ കാര്യങ്ങൾ പറയേണ്ടതില്ലല്ലോ. ഇന്ന് ദൈവം അവയെ നാട്ടിലേക്ക്വരുത്താതെ തടഞ്ഞിരിക്കുന്നു. സഭ ഇവിടെ നിന്ന് മാറ്റപ്പെട്ടാൽ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങാൻ ദൈവം അനുവദിക്കും. ഇപ്പോൾ വന്യജീവിസംരക്ഷണം കർശനം ആക്കിയിരിക്കുകയാണ്. സർക്കാർ നിയമം അനുസരിച്ച് യാതൊരു മൃഗത്തെയും കൊല്ലാൻപാടില്ല. സുവിശേഷവിരോധികൾക്കെതിരെ ദൈവം ഇവയെ സൂക്ഷിച്ചു വച്ചിരിക്കുന്നു. ഭൂമിയുടെ നാലിലൊന്ന് പേർ ഇപ്രകാരമുള്ള ബാധയാൽ മാറ്റപ്പെടുന്നു.

*അഞ്ചാം മുദ്ര* (അറുക്കപ്പെട്ടവരുടെ ആത്മാക്കൾ)

ഇതിന് മുൻപ് മുദ്രപൊട്ടിക്കുമ്പോൾ ജീവികളുടെ ക്ഷണം കാണാം. കുതിരകളും ഇവിടെ രംഗപ്രവേശനം ചെയ്യുന്നില്ല. ഇതിനുമുൻപ് മുദ്ര പൊട്ടുന്നത് ലോകത്തോടുള്ള ബന്ധത്തിലാണെങ്കിൽ അഞ്ചാം മുദ്ര മുതൽ പ്രകൃതിയോടുള്ള ബന്ധത്തിലാണ് പൊട്ടുന്നത്. അറുക്കപ്പെട്ടവരുടെ ആത്മാക്കൾ രക്തസാക്ഷികളായി മരിച്ചവരാണ്(6:9...11). കൃപായുഗത്തിൽ രക്ഷ സൗജന്യമാണ്. എതിർക്രിസ്തുവിനെ നമസ്കരിക്കണം എന്നുള്ള കൽപ്പന ഉണ്ടാകുമ്പോൾ യഹൂദനും എതിർക്രിസ്തുവുമായി തെറ്റും. തുടർന്ന് മഹോപദ്രവകാലത്ത് രക്ഷ ലഭിപ്പാൻ ദൈവവചനവും യേശുവിന്റെസാക്ഷ്യവുംനിമിത്തം രക്തസാക്ഷി ആകേണ്ടിവരും. സമാഗമന കൂടാരത്തിലെ ഏറ്റവും വലിയ ഉപകരണമായിരിന്നു യാഗപീഠം. രക്തത്താലും അഗ്നിയാലുമുള്ള ശുശ്രൂഷയാണിവിടെ നടക്കുന്നത്. തങ്ങളെ രക്തസാക്ഷികളാക്കിയവരുടെമേൽ പ്രതികാരം നടത്തുവാൻ ഇവർ പ്രാർത്ഥിക്കുന്നു. യേശു വിശുദ്ധനും സത്യവാനുമാണ്. മുഖപക്ഷമില്ലാതെന്യായം വിധിക്കുന്നവൻ. നിലവിളിയുടെ പിന്നിൽ വെള്ളനിലയങ്കികിട്ടുന്നു. ഇത് നീതിയുടെ വസ്ത്രമാണ്(3:4; 4:4; 7:7; 19:14). ഇനിയുംഅവരെപ്പോലെ ചിലരുടെ (സഹഭൃത്യന്മാരും സഹോദരൻമാരും) രക്തസാക്ഷികളാകാനുണ്ടെന്ന് ഓർപ്പിക്കുന്നു.

*ആറാംമുദ്ര* (പ്രകൃതിക്ഷോഭം)

ആറാംമുദ്ര പൊട്ടിക്കുമ്പോൾ വലിയപ്രകൃതിക്ഷോഭം ഉണ്ടാകുന്നു(6:12...17). അവരുടെ മഹാകോപദിവസം വന്നു? ആർക്ക് നിൽപ്പാൻ കഴിയും? ആരുടെ കോപദിവസമാണ്? ഉത്തരം പതിനാറാം വാക്യത്തിലുണ്ട്. അതായത് സിംഹാസനത്തിൽ ഇരിക്കുന്നവന്റെയും കുഞ്ഞാടിന്റെയും. മത്താ.24:29...31 വരെയുള്ള വേദഭാഗങ്ങളുടെ നിവർത്തികരണംകൂടിയാണിത്.

*പ്രകൃതിക്ഷോഭത്തിന്റെ ക്രമം ശ്രദ്ധിക്കുക.*

1. സൂര്യൻ കരിമ്പടംപോലെ കറുത്തു
2. ചന്ദ്രൻ രക്തതുല്ല്യമായി
3. നക്ഷത്രങ്ങൾ ഭൂമിയിൽവീണു
4. ആകാശംമാറുന്നു
5. മലകൾമാറിപ്പോകുന്നു
6. ദ്വീപുകൾ മാറിപ്പോകുന്നു

*ലോകവ്യാപകമായ ഈപ്രതിസന്ധിയിൽ അകപ്പെടുന്നവരുടെക്രമവും ഇവിടെരേഖപ്പെടുത്തിയിട്ടുണ്ട്.ക്രമം ശ്രദ്ധിക്കുക.*

1. രാജാക്കൻമാർ (ക്രിസ്തുവിരോധികൾ)
2. മഹത്തുക്കൾ (ന്യായാധിപൻമാർ)
3. ധനവാൻമാർ (ഈലോകത്തിൽമാത്രം ആശ്രയിച്ച് ജീവിക്കുന്നവർ)
4. സഹസ്രാധിപൻമാർ (തലവൻമാർ)
5. ബലവാൻമാർ (ഉന്നതൻമാർ)
6. ദാസൻമാർ (ഹീനൻമാർ)
7. സ്വതന്ത്രർ(അടിമകളല്ലാത്തവർ)

ദൈവകോപത്തിന്റെ മുൻപിൽനിന്ന് ഇവരെല്ലാം ഓടി രക്ഷപെടാൻ ശ്രമിക്കുന്നു. എന്നാൽ
അത് നടക്കില്ല. ന്യായമായ ഒരു സംശയം ചിലർക്ക് ഉണ്ടാകാം. ഭൂമിയെക്കാൾ എത്രയോ വലുതാ
ണ് നക്ഷത്രം പിന്നെ എങ്ങനെ ഇത് സംഭവിക്കും? ഇത് ഒരു തരം മണ്ടത്തരമല്ലേ. മനുഷ്യന്ഗ്രഹി
ക്കുവാൻ വേണ്ടിയാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. സാക്ഷാൽ ഇത് നക്ഷത്രമല്ല ഉൽക്ക
യ ത്രെ. ശ്രദ്ധിക്കുക, സൂര്യൻ ഉദിക്കുന്നില്ല അസ്തമിക്കുന്നില്ല എന്നാൽ നാം ഗ്രഹിക്കേണ്ടതിന്
കലണ്ടറിലും പത്രങ്ങളിലും സൂര്യാസ്തമയം രേഖപെടുത്തിയിരിക്കുന്നു. 2001 ൽ ചുവന്നമഴ,
പച്ചമഴ, മഞ്ഞമഴ പത്രങ്ങളിൽ പ്രധാന വാർത്തയായിരിന്നു. നമുക്ക് അസാധാരണമായി തോ
ന്നുന്ന പലതും സാധാരണ സംഭവമായി മാറാൻ പോവുകയാണ്. കർത്താവ് വാതിക്കൽ എത്തി
യിരിക്കുന്നു. യഥാർത്ഥ ഉടമസ്ഥൻ അധികാരം ഏറ്റെടുക്കുന്നു. കർത്താവ് ഭൂമിയിൽ കുടിയെ
ാഷിപിക്കൽ പ്രക്രിയനടത്തുന്നു. ഈ പുസ്തകം പഠിക്കണം തിരിയത്തില്ല എന്നു പറഞ്ഞ് പ
ഠിക്കാതിരിക്കരുത്.